## പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ.1204 — 11.02.2016-ൽ മറുപടിയ്ക്ക്

## വില്ലേജ് ഓഫീസുകളിലെ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി

| ചോദ്യം<br>ശ്രീ.ബാബു എം.പാലിശ്ശേരി. | മറുപടി<br>ശ്രീ.അടൂർ പ്രകാശ്<br>റവന്യൂവും-കയറും വകുപ്പ് മന്ത്രി |
|---|---|
| (എ) പല വില്ലേജ് ഓഫീസുകളിൽ നിന്നും ലഭിക്കേണ്ട വിവിധ തരം സർട്ടിഫിക്കറ്റുകൾ ഇ-ഡിസ്ട്രിക്റ്റ് പദ്ധതി പ്രകാരം ഓൺലൈനായി നൽകുമ്പോൾ സേവനാവകാശ നിയമ പ്രകാരമുള്ള സമയ പരിധിക്കുള്ളിൽ ലഭ്യമാകുന്നില്ല എന്ന പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ഇല്ല. |
| (ബി) കോടിക്കണക്കിനു രൂപ ചെലവഴിച്ച് സംസ്ഥാനത്തെ മുഴുവൻ വില്ലേജാഫീസുകളിലും ലാപ്ടോപ്പുകൾ, ബ്രോഡ് ബാന്റ് ഇന്റർനെറ്റ് കണക്ഷൻ തുടങ്ങിയ എല്ലാവിധ സൗകര്യങ്ങളും നൽകിയിട്ടും പ്രസ്തുത പദ്ധതിയുടെ ഗുണം ജനങ്ങൾക്ക് ലഭ്യമാകാത്തത് എന്തുകൊണ്ടാണ് എന്ന് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ; | (ബി) കേന്ദ്ര സർക്കാരിന്റെ നാഷണൽ ഇ-ഗവേണൻസ് (NeGP) പദ്ധതിയുടെ ഭാഗമായാണ് ഇ-ഡിസ്ട്രിക്റ്റ് പദ്ധതി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ഓൺ-ലൈൻ ആയി വില്ലേജ് ഓഫീസർക്ക്/ തഹസിൽദാർക്ക് എത്തുന്ന അപേക്ഷകൾ പരിശോധിച്ച ശേഷം ഡിജിറ്റൽ ഒപ്പോടുകൂടിയ സർട്ടിഫിക്കറ്റുകൾ അനുവദിച്ച് നൽകുന്നു. 07.02.2016 വരെ ഈ സംവിധാനം വഴി 1,84,55,773 അപേക്ഷകൾ പരിശോധിക്കുകയും നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓൺലൈൻ പെയ്മെൻറ് സംവിധാനം കൂടി ഈ പദ്ധതിയുടെഭാഗമായതോടുകൂടി വീട്ടിലിരുന്നു തന്നെ സർട്ടിഫിക്കറ്റിന് അപേക്ഷിക്കുന്നതിനും, ലഭ്യമാക്കുന്നതിനുമുള്ള സൗകര്യവും നിലവിൽ വന്നുകഴിഞ്ഞിട്ടുണ്ട്. ഈ പദ്ധതിയുടെ ഏറ്റവും വലിയനേട്ടം അപേക്ഷകന് ഏത് സമയത്തും ഓൺലൈൻ ആയി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകാൻ കഴിയുന്നു എന്നതും, സർട്ടിഫിക്കറ്റ് വാങ്ങുന്നതിനായി ബന്ധപ്പെട്ട ഓഫീസിൽ പോകണമെന്നും ഇല്ല. |

| | |
|---|---|
| (സി) ഇ-ഡിസ്ട്രിക്റ്റ് പദ്ധതി ജനോപകാരപ്രദമായ രീതിയിൽ കാര്യക്ഷമമായി നടപ്പിലാക്കാൻ എന്തു നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം വ്യക്തമാക്കുമോ ? | (സി) G.O.(P)No.24/2010/ITD തീയതി 4.08.2010 പ്രകാരം ഓൺലൈൻ വഴി നൽകുന്ന സർട്ടിഫിക്കറ്റുകൾക്ക് ആധികാരികതയുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ എല്ലാ വില്ലേജ് ഓഫീസർമാർക്കും ലാപ്ടോപ്പുകൾ/പേഴ്സണൽ കമ്പ്യൂട്ടറുകൾ എന്നിവ കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ വഴി നൽകിക്കഴിഞ്ഞിട്ടുണ്ട്. ഇ-ഡിസ്ട്രിക്ട് പദ്ധതി ഉപയോഗിക്കുന്ന എല്ലാ വില്ലേജ് ഓഫീസർമാർക്കും, എസ്.വി.ഒ.-മാർക്കും, തഹസിൽദാർ-മാർക്കും മറ്റ് ഉദ്യോഗസ്ഥർക്കും മതിയായ പരിശീലനം നൽകിയിട്ടുണ്ട്. കൂടാതെ, എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടായാൽ പരിഹരിക്കുന്നതിനും ആവശ്യമായ പരിശീലനം നൽകുന്നതിനും എല്ലാ താലൂക്കുകളിലും ഹാൻഡ് ഹോൾഡിംഗ് സ്റ്റാഫിനെയും കേരള സ്റ്റേറ്റ് ഐ.റ്റി.മിഷൻ വഴി നിയമിച്ചിട്ടുണ്ട്. അക്ഷയ കേന്ദ്രങ്ങൾ വഴി വിതരണം ചെയ്ത ലഘുലേഖകൾ വഴിയും, വിവിധ മാധ്യമങ്ങളിലൂടെയുള്ള പരസ്യങ്ങളിലൂടെയും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നൽകുന്ന സർട്ടിഫിക്കറ്റുകളുടെ പൂർണ്ണ വിവരവും, സർട്ടിഫിക്കറ്റുകൾക്ക് ആവശ്യമായിട്ടുള്ള അനുബന്ധ രേഖകളുടെ വിവരങ്ങളും, അപേക്ഷ നൽകുന്നതിനും, സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കുന്നതിനും വേണ്ട പരിശീലനങ്ങളും, അനുബന്ധ സാങ്കേതിക വിവരങ്ങളും അക്ഷയ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ